പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4729 21.10.2011-ൽ മറുപടിയ്ക്ക്

സൗജന്യ വൈദ്യുതി കണക്ഷൻ.

| ചോദ്യം<br>ശ്രീ. ബി . സത്യൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് പോസ്റ്റ് സ്ഥാപിക്കുന്നതിനും ഇലക്ട്രിക് ലൈൻ ഇടുന്നതിനും വേണ്ടി വരുന്ന ചെലവിൽ ബി. പി. എൽ, എസ്. സി / എസ്. റ്റി വിഭാഗക്കാർക്ക് എന്തൊക്കെ സൗജന്യമാണ് നൽകിവരുന്നത് ; വ്യക്തമാക്കാമോ ;<br><br>(ബി) അപകടാവസ്ഥയിൽ കാണപെടുന്ന പോസ്റ്റുകൾ നീക്കം ചെയ്യുവാൻ ബോർഡിന്റെ ഏത് ഉദ്യോഗസ്ഥ നാണ് അധികാരപ്പെട്ടതെന്ന് വ്യക്തമാക്കാമോ ?<br><br>(സി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് സൗജന്യമായി വൈദ്യുതി കണക്ഷനും വൈദ്യുതിയും നൽകുന്നതെന്ന് വിശദമാക്കാമോ ? | (എ) (ബി) & (സി) 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾക്കും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്. സി/എസ്. ടി വിഭാഗത്തിലുള്ള വ്യക്തികൾക്കും കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുക ഈടാക്കാതെ, വെതർപ്രൂഫ് കണക്ഷനുകൾ നൽകുന്നതിന് കേരള ഇലക്ട്രിസിറ്റി സപ്ളൈ കോഡ്, 2005 ക്ളോസ് 7 (1) പ്രകാരം കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ബി. പി. എൽ. വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾക്ക്, ഒ. എച്ച് കണക്ഷനുകളും വെതർപ്രൂഫ് കണക്ഷനുകളും അപേക്ഷിക്കുന്ന മുറയ്ക്ക് ചെലവ് ഈടാക്കാതെ നൽകുന്നുണ്ട്.<br><br>കൂടാതെ, കാലാകാലങ്ങളിൽ ബോർഡ് തിരുമാനിക്കുന്ന ടാർജറ്റ് തീയതി വരെയുള്ളവർക്ക് ചെലവ് ഈടാക്കാതെ തന്നെ വൈദ്യുതി കണക്ഷനുകൾ നൽകുന്നു.<br><br>നോർമൽ സർവീസ് കണക്ഷൻ നൽകുവാൻ നിലവിലുള്ള ടാർജറ്റ് |

തീയതി 31-03-2011 ആണ്.

എസ്. എസ്. എൽ. സി പരീക്ഷ എഴുതുന്ന ഗവൺമെൻറ്/ എയ്ഡഡ് സ്ക്കുളുകളിലെ വിദ്യാർത്ഥികളുടെ വീടുകളിലേയ്ക്ക് ടാർജറ്റ് തീയതി കണക്കിലെടുക്കാതെ ബോർഡിൻെറ നോർമൽ ഡവലപ്പ് മെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്.

500 വാട്സിൽ കവിയാതെ കണക്ടഡ് ലോഡുള്ള ലോ ടെൻഷൻ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിമാസ ഉപഭോഗം 20 യൂണിറ്റ് വരെയാണെങ്കിൽ അവരെ നോൺ പെയിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി വൈദ്യുതി ചാർജ്ജ് ഈടാക്കുന്നില്ല.

ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റൻറ് എഞ്ചിനീയർ / മെയിൻറനൻസ് വിങിൻെറ ചാർജ്ജുള്ള സബ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥരെയാണ് അപകടാവസ്ഥയിൽ കാണപ്പെടുന്ന പോസ്റ്റുകൾ നീക്കം ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത് .

സെക്ഷൻ ഓഫീസർ.